April 2012

# YOUTH VOICE




A Publication of
ST. THOMAS ORTHODOX YOUTH MOVEMENT
ST. MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain


Private circulation among Church members only

ആതുര സേവനം ആരാധനയാണെന്നും,
വിശ്വാസ ദൃഢത വിപ്ലവമാണെന്നും
തന്റെ ജീവിതത്താൽ നമ്മെ പഠിപ്പിച്ച
അഗതികളുടെ ആചാര്യനും, മലങ്കരസഭാ രത്നവും,
യുവജന പ്രസ്ഥാനത്തിന്റെ മുൻ പ്രസിഡന്റുമായിരുന്ന
അഭി. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ്
തിരുമേനിയുടെ പാവന സ്മരണയ്ക്കു മുമ്പിൽ
ബഹറിൻ സെന്റ് തോമസ് ഓർത്തഡോക്സ്
യുവജന പ്രസ്ഥാനത്തിന്റെ
പ്രാർത്ഥനാപൂർവ്വമായ

# ആദരാഞ്ജലികൾ...



YOUTH VOICE
A Publication of
ST.THOMAS ORTHODOX YOUTH MOVEMENT
ST.MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.



Patron Saint
**St.Thomas the Apostle**

Patron
**H.H Baselios Marthoma Paulose II**
(Catholicose of the East & Malankara Metropolitan)

President
**Rev.Fr. Jacob Koshy**

Editor
**Anil Chacko**

Type Seiitng
**Robby Punnen**
**Santhosh**

Cover Design
**Jashen Simon**

Art
**Santhosh Thankachan**

Photos
**Diju John**

# മുഖപ്രസംഗം

കാലിത്തൊഴുത്തിൽ ജാതം ചെയ്ത
വചനമായ ദൈവം കാൽവറിക്കുന്നിൽ യാഗമായി
തീർന്നതിനു ശേഷം മൂന്നാം നാൾ
ഉയർത്തെഴുന്നേറ്റതിന്റെ സ്മരണ നിലനിർത്തി
മാനവരാശി ഉയിർപ്പ് തിരുന്നാൾ ആഘോഷിക്കുന്നു.
ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം
ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ്. അതുകൊണ്ടാണ്
പരിശുദ്ധനായ പൗലോസ് ശ്ലീഹാ
കൊരിന്ത്യർക്കെഴുതിയ ഒന്നാമത്തെ ലേഖനത്തിൽ
ഓർമ്മിപ്പിക്കുന്നത് "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ
ഞങ്ങളുടെ പ്രസംഗം വ്യർത്ഥം,
നിങ്ങളുടെ വിശ്വാസവും വ്യർത്ഥം"
കർത്താവിന്റെ രക്ഷാകരമായ ഉയിർപ്പിനുശേഷം
ലോകത്തിനു രക്ഷയും പുതിയ ജീവനും പ്രദാനം
ചെയ്യുന്ന സുവിശേഷം ലോകമെങ്ങും പ്രചരിപ്പിച്ച
അപ്പോസ്തോലന്മാരെപ്പോലെ സമൂഹത്തിന്റെ നന്മക്കും
പരിശുദ്ധ സഭയുടെ ഉന്നതിക്കും പ്രവർത്തിക്കുവാൻ
സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും
ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും
നന്മ നിറഞ്ഞ ഈസ്റ്റർ ദിനാശംസകൾ

സ്നേഹപൂർവ്വം
അനിൽ ചാക്കോ
എഡിറ്റർ



യൂത്ത് വോയ്സ്

മലങ്കര ഓർത്തഡോക്സ്
സുറിയാനി സഭയുടെ
ദേശീയ സ്വാതന്ത്ര്യത്തിന്റെയും,
സ്വയം ശീർഷകത്വത്തിന്റെയും
പ്രതീകമായ
പൗരസ്ത്യ കാതോലിക്കാ
സിംഹാസനത്തിന്റെ



## ശതാബ്ദി ആഘോഷങ്ങൾക്ക്

ബഹറിൻ സെന്റ് തോമസ്
ഓർത്തഡോക്സ് യുവജന
പ്രസ്ഥാനത്തിന്റെ ഒരായിരം

# ആശംസകൾ...

കാതോലിക്കാ സിംഹാസനം
നീണാൾവാഴട്ടെ...



Website: www.mosc.in
E-mail : catholicos@mosc.in

Telephone : 0481-2574323, 2578500
Fax : 0481-2570569

# The Malankara Orthodox Syrian Church
## CATHOLICATE OF THE EAST

BASELIOS MARTHOMA PAULOSE II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

## ആശംസ

നമ്മുടെ ബഹറിൻ സെൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തീഡ്രൽ വികാരിയും, യുവജന പ്രസ്ഥാന ഭാരവാഹികളും, ശേഷം പ്രവർത്തകരും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്.

കർത്താവിൽ പ്രിയരെ,

നമ്മുടെ ബഹറിൻ സെൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയിലെ യുവജനപ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ “യൂത്ത് വോയ്സ്” എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിച്ചു വരുന്നു എന്നതിൽ നാം നിങ്ങളെ പ്രത്യേകം ശ്ലാഘിക്കുന്നു. സഭയിലും, സമൂഹത്തിലും നിങ്ങൾ ചെയ്തു വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ദൈവം ധാരാളമായി പ്രതിഫലം നൽകട്ടെ എന്നു പ്രാർത്ഥിക്കുകയും, പുനരുത്ഥാന പെരുന്നാളിൻെറ എല്ലാ ആശംസകൾ നേരുകയും ചെയ്യുന്നു.

ശേഷം പിന്നാലെ,

ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

Message



# ഇടയ സന്ദേശം

പ്രിയപ്പെട്ട യുവജനപ്രസ്ഥാനം സുഹൃത്തുക്കളെ,

നമ്മുടെ യുവജനപ്രസ്ഥാനത്തിൻെറ ഈ വർഷത്തെ പ്രവർത്തനങ്ങൾ അനുഗ്രഹമായി പുരോഗമിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞ മൂന്നുമാസത്തെ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും നല്ല പങ്കാളിത്തം ഉണ്ടായി എന്നത് വളരെ സന്തോഷകരമാണ്. ഏവർക്കും അഭിനന്ദനങ്ങൾ. എല്ലാ അംഗങ്ങൾക്കും കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പരിപാടികളും മത്സരങ്ങളും ആവിഷ്കരിച്ചിരിക്കുന്നത് എല്ലാവർക്കും ഉത്സാഹവും ആവേശവും നൽകിയിരിക്കുന്നു.

നമ്മുടെ പൂർവ്വപിതാക്കന്മാർ ത്യാഗം സഹിച്ച് കാത്തു സൂക്ഷിക്കുകയും നമുക്ക്കൈമാറി തരികയും ചെയ്തിട്ടുള്ള സത്യവിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് അതിൻെറ അതുല്യതയും മഹത്വവും മനസ്സിലാക്കാൻ കൂടുതൽ സമയം കണ്ടെത്തണം. യുവജനങ്ങളുടെ മാതൃകാപരമായ ജീവിതം സമൂഹത്തിൻെറ ദൃഢതയും, നന്മയും ഉറപ്പുവരുത്തുന്നു. ആയതുകൊണ്ട് പ്രായത്തിൻെറ വളർച്ചയ്ക്ക് അനുയോജ്യമായ പക്വതയും, ധാർമ്മിക ബോധവും ഉണ്ടാകണം. നമ്മുടെ യുവജനങ്ങൾ അങ്ങനെ നല്ല സംഭാവനകൾ നൽകുന്നവരായി തീരട്ടെ എന്നാശംസിക്കുകയും തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഹൃദയപൂർവ്വം വിജയാശംസകൾ നേരുകയും ചെയ്യുന്നു.

യുവജനപ്രസ്ഥാനത്തിൻെറ എല്ലാ പ്രിയസഹോദരീ സഹോദരങ്ങൾക്കും നമ്മുടെ കർത്താവിൻെറ ഉയിർപ്പു പെരുന്നാളിൻെറ അനുഗ്രഹങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം

**ഫാ: ജേക്കബ് കോശി**





# ഈസ്റ്റർ സന്ദേശം

വ്രതനിഷ്ഠയുടെയും ആത്മ സംയമനത്തിന്റെയും ഒരു വലിയ നോമ്പു കൂടി കഴിഞ്ഞു. പ്രകാശത്തിന്റെയും പ്രത്യാശയുടെയും വലിയപെരുന്നാൾ ആഗതമായി. അന്നും ഇന്നും എന്നും അനന്യനായ ദൈവത്തിന്റെ നിത്യതയെ പ്രഘോഷിച്ചുകൊണ്ട് ലോകം മുഴുവനും ഉയിർപ്പ് പെരുന്നാൾ ആഘോഷിക്കുന്നു.


ഉയിർപ്പിന്റെ സന്ദേശം തന്നെ സമാധാനവും പ്രത്യാശയുമാണ്. ഉത്ഥിതനായ മശിഹാതമ്പുരാൻ, അസ്വസ്ഥരായി യഹൂദരെ പേടിച്ചു കഴിഞ്ഞ ശിഷ്യന്മാരോട് പറഞ്ഞു "നിങ്ങൾക്ക് സമാധാനം." സമാധാനമില്ലാത്ത ലോകത്തിൽ യുദ്ധങ്ങളും യുദ്ധഭീതികളും നിലനിൽക്കുമ്പോൾ കർത്താവിൽ ആശ്രയിക്കുന്നവർക്ക് എന്നും സമാധാനം ഉണ്ടാകും. ലോകാവസാനത്തോളം എല്ലാനാളും ഞാൻ നിങ്ങളോട് കൂടെയുണ്ട് (മത്തായി 20:20) എന്ന രാജകീയ വാഗ്ദാനം നമ്മെ എല്ലാകാലവും ധൈര്യപ്പെടുത്തുന്നു. പ്രത്യാശയുടെ പ്രകാശകിരണങ്ങൾ വിതറി മരണത്തിന്റെ അന്ധകാരശക്തിയെ ജയിച്ചു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ യേശുതമ്പുരാൻ നമ്മോടു കൂടെയുണ്ട് എന്ന ചിന്തയിൽ നമുക്ക് ജീവിതത്തെ നേരിടാം. പരിശുദ്ധാത്മ നിറവിൽ ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിച്ച് പ്രത്യാശയുള്ള നല്ല മക്കളായി നമുക്ക് ജീവിക്കാം.

വെളിപാട് 1:17ൽ "ഭയപ്പെടേണ്ട ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു, എന്നാൽ എന്നന്നേയ്ക്കും ജീവിച്ചിരിക്കുന്നു" തേജസ്കരിക്കപ്പെട്ട മനുഷ്യപുത്രൻ പത്മോസ് ദ്വീപിൽവെച്ച് യോഹന്നാനോട് അരുളിച്ചെയ്യുന്നു. ഈ വചനം നമുക്ക് സമാധാനവും ധൈര്യവും പ്രത്യാശയും തരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഏവർക്കും ഉയിർപ്പ് പെരുന്നാൾ ആശംസകൾ.

റോബി പുന്നൻ

വൈസ് പ്രസിഡന്റ്

**എല്ലാ വായനക്കാർക്കും യൂത്ത് വോയ്സിന്റെ ഈസ്റ്റർ ആശംസകൾ...**



# സെക്രട്ടറിയിൽ നിന്നും...

ഇൻഡ്യയുടെ കാവൽപിതാവായ വി. തോമാശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ നമ്മുടെ ഇടവകയിലെ യുവജനപ്രസ്ഥാനം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കുന്നു എന്നുള്ളതു അതിയായ ചാരിതാർത്ഥ്യത്തോടുകൂടി പറയട്ടെ. പ്രസ്ഥാനത്തിൻെറ ഈ വർഷത്തെ ഉത്ഘാടനം ബഹു. വികാരി, ഇടവക ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, മറ്റ് ആത്മീയ പ്രസ്ഥാനം ഭാരവാഹികൾ എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ ക്നാനായ സഭയുടെ ബഹറിൻ ഇടവക വികാരി റവ.ഫാ. മോനായി കെ. ഫിലിപ്പ് ഭദ്രദീപം കൊളുത്തി ഉത്ഘാടനം നിർവഹിച്ചു.

ആരാധന പഠനം സേവനം എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തികൊണ്ടു നമ്മുടെ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും പ്രസ്ഥാനം അംഗങ്ങൾ പങ്കെടുത്തു വരുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ മെംബർഷിപ്പ് മാസാചരണത്തിലൂടെ പ്രസ്ഥാനത്തിലേക്കു കടന്നു വന്ന യുവതീ യുവാക്കളെ സ്വാഗതം ചെയ്യുന്നു.

മലങ്കര സഭയുടെ സൂര്യതേജസ്സും, ദീർഘ കാലം മലങ്കര സഭയെ നയിച്ച പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ ആറാമതു ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് ജനുവരി 22 നു അനുസ്മരണ സമ്മേളനവും തുടർന്നു "അധരങ്ങളെ അടക്കുന്നവൻ ബുദ്ധിമാൻ" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗ മത്സരം നടത്തുകയും വിജയികൾക്കു സമ്മാനം നൽകുകയും ഉണ്ടായി.

പ്രസ്ഥാനം അംഗങ്ങളുടെ സർഗാത്മകമായ എല്ലാ കഴിവുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി മാസത്തിലെ നാലാം ശനിയാഴ്ച്ച "യൂത്ത് ഫെസ്റ്റ്" എന്ന പേരിൽ നിലവിലുള്ള ക്വിസ്സ് മത്സരത്തെ കൂടാതെ ബൈബിൾ റഫറൻസ്, സിംഗിൾ സോംഗ്, സമൂഹഗാനം, പ്രസംഗ മത്സരം, ബൈബിൾ സ്കിറ്റ് എന്നിവ കൂടി നടത്തിവരുന്നു. ഇതുവരെ നടത്തിയ മത്സരങ്ങൾ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം കൊണ്ടു ശ്രദ്ധേയമായി.

പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഏറ്റെടുത്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനമായ "കൊയ്നോണിയ" ഈ വർഷവും നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ അവസരത്തിൽ പ്രസ്ഥാനത്തിനു താങ്ങും തണലുമായിരുന്ന നല്ലവരായ ഇടവക ജനങ്ങൾക്കും, പ്രസ്ഥാന അംഗങ്ങൾക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

ലോകത്തിനു പ്രത്യാശയുടെ നവജീവൻ നൽകിയ ഈ ഉയിർപ്പ് പെരുന്നാളിൽ എല്ലാവർക്കും ആശംസകൾ നേർന്നു കൊണ്ട്,

സന്തോഷ് തങ്കച്ചൻ
സെക്രട്ടറി

## Co-Ordinators

| | |
|---|---|
| **Mr. ANO JACOB** | **(Monthly Youth Fest)** |
| **Mr. SHINU MATHAI** | **(Job Cell)** |
| **Mr. SAJI T. SAMUEL & PREETHI REJO** | **(Samarppana Prardhana)** |



ബിനു മാത്യു ഈപ്പൻ



# സ്വർണ്ണ വഴികളിൽ നിന്നും മാറിനടന്ന മാർ ഒസ്താത്തിയോസ്...

'യഹോവയെ മറന്ന് അവർ ജീവിച്ചപ്പോൾ അവരെ ശത്രുക്കളുടെ പീഢയ്ക്ക് യഹോവ ഏല്പിച്ചു കൊടുത്തു. എന്നാൽ അവർ അനുതപിച്ചപ്പോൾ വീണ്ടും സമാധാനം നൽകി' (യശ.9:6)

സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും സമത്വത്തിൻെറയും മൂർത്തിമത് ഭാവമായിരുന്ന സഭാരത്നം ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ദേഹവിയോഗത്തിൽ ബഹ്റൈൻ സെൻറ്. തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിൻെറ അത്യഗാധമായ ദുഖം രേഖപ്പെടുത്തുന്നതോടൊപ്പം ആ യുഗപ്രഭാവൻെറ മുന്നിൽ ഞങ്ങളുടെ അന്ത്യപ്രണാമങ്ങൾ അർപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

കേരളത്തിൻെറ സഭാപിതാക്കന്മാരിൽ പ്രമുഖനും പാവങ്ങളുടെയും അഗതികളുടെയും അപ്പോസ്തോലൻ എന്നറിയപ്പെടുകയും ചെയ്ത സീനിയർ മെത്രാപ്പോലീത്ത ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ്, മാവേലിക്കര ഈഴക്കടവിൽ മുണ്ടുവേലിൽ കൊച്ചിയുടെയും മറിയാമ്മയുടെയും രണ്ടാമത്തെ മകനായി 1918 ഡിസംബർ മാസം ഒൻപതാം തീയതിയാണ് ജനിച്ചത്.

സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഇടയ്ക്കുവച്ച് പഠനം ഉപേക്ഷിച്ച് കൂലിപ്പണിക്കിറങ്ങേണ്ടിവന്ന ജോർജ്ജുകുട്ടി എന്ന എം.വി. ജോർജജിനെ അയൽവക്കക്കാരനായ ഒരു പുരോഹിതനാണ് തുടർ വിദ്യാഭ്യാസത്തിനു സഹായിച്ചത്. 1940-ൽ ഇ.എസ്.എൽ.സി പാസ്സായ ജോർജ്ജുകുട്ടി തുടർന്ന് ടി.ടി.സിയ്ക്ക് ചേർന്നെങ്കിലും അവസാന പരീക്ഷയ്ക്ക് തോറ്റുപോയി. എന്നാൽ അടുത്ത വർഷം പരീക്ഷ ജയിക്കുകയും അധ്യാപന രംഗത്തേക്ക് കടന്നുവരുകയും ചെയ്തു. 1943 – 47 കാലത്ത് ജബൽപൂരിൽ ദൈവശാസ്ത്രത്തിൽ ബിരുദപഠനം നടത്തിയ എം.വി. ജോർജ്ജ് സ്വാതന്ത്ര്യാനന്തര ഭാരതത്തിലുണ്ടായ കലാപവേളയിൽ അംബാലയിലെ കുരുക്ഷേത്ര അഭയാർത്ഥി ക്യാമ്പിൽ സേവനത്തിൻെറ കരങ്ങളുമായി ഇറങ്ങിച്ചെന്നു.

1948-ൽ ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് പോവുകയും അവിടുത്തെ ഡ്രൂ യൂണിവേഴ്സിറ്റിയിൽ നിന്ന് തത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഉന്നതബിരുദവും കരസ്ഥമാക്കി. തുടർന്ന് 1952-ൽ കോട്ടയം വൈദിക സെമിനാരിയിൽ അധ്യാപകനായി ചേർന്നു. 1956 മെയ് മാസം പത്താം തീയതി വൈദികപ്പട്ടം സ്വീകരിച്ച എം.വി. ജോർജ്ജിനെ 1965-ൽ മലങ്കര അസോസ്സിയേഷൻ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുത്തുവെങ്കിലും അത്തവണ സ്ഥാനം സ്വീകരിക്കാൻ കഴിഞ്ഞില്ല. 1974-ൽ മലങ്കര അസ്സോസിയേഷൻ വീണ്ടും അദ്ദേഹത്തെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. 1975 വരെ അദ്ദേഹം വൈദീക സെമിനാരിയുടെ വൈസ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു. പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവ ഉൾപ്പെടെ പതിനഞ്ചോളം മെത്രാപ്പോലീത്താമാർ ഇക്കാലയളവിൽ അദ്ദേഹത്തിൻെറ ശിഷ്യന്മാരായിരുന്നിട്ടുണ്ട്.

1975 ഫെബ്രുവരി മാസം 15നു റമ്പാൻ സ്ഥാനം സ്വീകരിച്ച എം.വി ജോർജ്ജ് അച്ചൻ പിറ്റേന്ന് നിരണം പള്ളിയിൽ വെച്ച് ഔഗേൻ കാതോലിക്ക ബാവയിൽ നിന്ന് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനവും സ്വീകരിച്ചു. 1976 ഏപ്രിൽ ഒന്നിനു നിരണം ഭദ്രാസനത്തിൻെറ ചുമതല ഏറ്റെടുത്തു. 2007 ജനുവരി 27ന് ആ ചുമതലയിൽ നിന്ന് ഒഴിഞ്ഞുവെങ്കിലും പൂർണ്ണ വിശ്രമത്തിലേക്കായിരുന്നില്ല അദ്ദേഹം മടങ്ങിയത്. വേദനിക്കുന്നവനെ

ആശ്വസിപ്പിക്കാനും ഇല്ലാത്തവന് ഉള്ളവൻെറ കയ്യിൽ നിന്നും സഹായങ്ങൾ വാങ്ങിക്കൊടുക്കുവാനുമായി അദ്ദേഹം തൻെറ ബാക്കി ജീവിതം നീക്കിവച്ചു. ഇതിനിടെ സോറംപൂർ യൂണിവേഴ്സിറ്റി ഈ വന്ദ്യപിതാവിന് ഡോക്ടറേറ്റ് നല്കി ആദരിച്ചു.

തൻെറ തൊണ്ണൂറ്റിമൂന്നാം ജന്മദിന വേളയിൽ അദ്ദേഹം തൻെറ കുഞ്ഞാടുകളോട് ആവശ്യപ്പെട്ടത് തൻെറ ദേഹവിയോഗവേളയിൽ ശോശപ്പയും പുഷ്പങ്ങളുമായി വരുന്നതിനു പകരം പുതുവസ്ത്രങ്ങളുമായി വന്നാൽ മതി എന്നും അതുകൊടുത്ത് ഇല്ലാത്തവൻെറ വേദന ഇത്തിരിയെങ്കിലും അകറ്റാൻ സാധിക്കുമല്ലോ എന്നുമായിരുന്നു. സഭയും സമൂഹവും ആഡംബരത്തിലേക്ക് നീങ്ങുന്നത് അദ്ദേഹത്തെ എന്നും വേദനിപ്പിച്ചിരുന്നു. മനുഷ്യൻെറ ദാരിദ്ര്യം മാറ്റിയിട്ട് മതി പള്ളികളിൽ സ്വർണ്ണക്കുരിശ് സ്ഥാപിക്കുന്നത് എന്ന് അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചത് ഈ വേദനയുടെ പ്രതിഫലനമായിരുന്നു. ഒന്നുമില്ലാത്തവനായി ഈ ലോകത്ത് ആരും ഉണ്ടാവരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും മാത്രമല്ല അതിനുവേണ്ടി തൻെറ ജീവിതം മാറ്റി വയ്ക്കാനും അദ്ദേഹം യത്നിച്ചു. അതിൻെറ ഭാഗമായിട്ടാണ് കേരളത്തിനകത്തും പുറത്തുമായി അനേകം ആതുരാലയങ്ങൾ തുടങ്ങുവാൻ അദ്ദേഹം മുൻകൈ എടുത്തത്.

സമത്വത്തിനു പ്രതീകമായി അദ്ദേഹം എപ്പോഴും എടുത്തുകാട്ടിയിരുന്നത് ഡെൻമാർക്ക് എന്ന രാജ്യമായിരുന്നു. അവിടെ എല്ലാവീടുകളും ഒരുപോലെ ആയിരുന്നു എന്നതാണ് പ്രത്യേകത. കുടിലുമില്ല കൊട്ടാരങ്ങളുമില്ല. അതാണ് യഥാർത്ഥ ക്രൈസ്തവീകത എന്ന് അദ്ദേഹം പഠിപ്പിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ നെടുംതൂണായിരുന്ന പിതാവ്, ഒരു മികച്ച പ്രാസംഗികനും ആയിരുന്നു. പ്രവാചകതുല്യമായ വാക്കുകളാണ് കല്ലൂപ്പാറ സിറിയൻ കൺവെൻഷനിൽ അഞ്ചു പതിറ്റാണ്ടുകാലം അദ്ദേഹത്തിലൂടെ മുഴങ്ങിക്കേട്ടത്. സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുന്ന പ്രസംഗങ്ങൾ അദ്ദേഹത്തെ വിമർശനങ്ങൾക്കിടയിലും ശക്തനാക്കി. അതുപോലെ തന്നെ പ്രകൃതി ചൂഷണത്തിനെതിരെയും അദ്ദേഹം നിരന്തരം ശബ്ദിക്കുകയും കലഹിക്കുകയും ചെയ്തിരിന്നു.

നമ്മുടെ ഈ ഇടവകയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ സാന്നിദ്ധ്യമായിരുന്നു തിരുമേനി. ഈ ദ്വീപിൽ ഓർത്തഡോക്സ് വിശ്വാസികളുടെ വലിയൊരു സമൂഹമുണ്ടെന്നും അവർക്ക് ഇവിടെ ഒരു പള്ളി ആവശ്യമുണ്ടെന്നും തിരുമേനി സഭാനേതൃത്വത്തെ അറിയിച്ചതു പ്രകാരമാണ് നമുക്ക് ഇവിടെ ആരാധനയ്ക്കായി ഒരു പള്ളി അനുവദിച്ചു കിട്ടുന്നത്. അതുപോലെ തന്നെ 1979 മുതൽ 1991 വരെ തിരുമേനി യൂത്ത് മൂവ്മെൻറിൻെറ പ്രസിഡൻറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട് എന്നത് ഒരു ഭാഗ്യമായി കരുതുന്നു.

തിരുമേനിയുടെ ശിക്ഷണത്തിൽ വളർന്നു വന്ന ഈ പ്രസ്ഥാനം ഇത്രയും അനുഗ്രഹപ്രദമായി ലോകമെമ്പാടും പ്രവർത്തിച്ചുവരുന്നു എന്നുള്ളത് സഭയ്ക്ക് എന്നും അഭിമാനിക്കാവുന്ന കാര്യമാണ്. തൻെറ സാന്നിദ്ധ്യം ഉണ്ടായിരുന്ന എല്ലാ പ്രസ്ഥാനങ്ങളിലും കൃത്യമായി കണക്കിടപാടുകൾ സൂക്ഷിച്ചിരുന്ന തിരുമേനി സംഭാവനകൾക്ക് രസീത് എഴുതിയതിനുശേഷമേ അടുത്ത ജോലിയിൽ ശ്രദ്ധ വയ്ക്കാവൂ എന്ന് തൻെറ ശിഷ്യന്മാരോട് കർക്കശത പുലർത്തിയിരുന്നു.

ഈ മഹാരത്നത്തിനെ കാണാനും അടുത്തറിയാനും സാധിച്ച നമ്മൾ ഓരോരുത്തരും ഭാഗ്യവാന്മാരാണ്. അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും മടിയിലിരുന്ന് അനേകം മാലാഖ വൃന്ദങ്ങളോടോന്നിച്ച് അണയ്ക്കുന്ന വന്ദ്യപിതാവിൻെറ പ്രാർത്ഥന നമുക്ക് അനുഗ്രഹത്തിനായി തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ അനുശോചനക്കുറിപ്പ് തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു.

New Members: Meenu Cherian, Robin T. Thomas, John Raju, Saanwin Kurian, Shinu Kuruvilla, Jijo K. jacob, Jobin, Arun K. Abraham, Phinahas James, Shiju C. George.



# പ്രവർത്തനോത്ഘാടനം





2012 പ്രവർത്തനോത്ഘാടനം

# Photo Gallery



പ്രസ്ഥാന അംഗങ്ങൾ പ. ക





പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ
അനുസ്മരണ പ്രസംഗമത്സരം









. കാതോലിക്കാ ബാവായോടൊപ്പം



ഭരണ കൈമാറ്റം



ബൈബിൾ റീഡിംഗ് കാർഡ് പ്രകാശനം







അഭി. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി
അനുശോചന യോഗം

# Photo Gallery




യൂത്ത്ഫെസ്റ്റ് 2012, ബൈബിൾ റഫറൻസ് മത്സര വിജയികൾ (ഫെബ്രുവരി)



സമർപ്പണ പ്രാർത്ഥന (ഗാന ശുശ്രൂഷ)




യൂത്ത്ഫെസ്റ്റ് 2012, ബൈബിൾ ക്വിസ്സ് മത്സര വിജയികൾ (മാർച്ച്)





അഭി. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി – ശ്രാദ്ധം



FR.VARGHESE T. VARGHESE. ANCHAL

# The Sacred Sources of the Resurrection

According to the belief of the Christian Church, Jesus Christ was begotten by God the Father and was Incarnate by the Holy Spirit and the Virgin Mary Theotokos. After the completion of His official ministry, He was crucified and buried, and was resurrected on the third day according to the Scriptures and ascended into Heaven. And He will return in glory to judge the living and the dead, at which time the Resurrection of the dead bodies will take place. According to the Design of God, Christ was crucified, pierced and died on the Cross. The Body was removed from the Cross, with the permission of Pilate, after he was assured that Christ had died on the Cross. Joseph of Arimathea and Nicodemus "wrapped it (body) in a linen shroud, and laid him in a rock-hewn tomb, where no one had ever yet been laid," Luke 23:53. The tomb was located outside of Jerusalem in a garden; it was Friday evening when Christ's Body was buried in it, and subsequently the entrance to the tomb was closed by a large stone and sealed. In order to assure no one would steal the Body and have His disciples claim that He had risen from the dead, Pilate permitted Jewish authorities to station soldiers at the door of the tomb to secure it.

The chronological orders of events of and around the Resurrection of Christ have been preserved by the sacred writers. They did not try to prove the Resurrection from a rational point of view, but simply recorded the events as they actually happened, and reflecting their attitudes at the beginning, starting with Christ's arrest and continuing to His ascension into Heaven. One of the most important facts of the Resurrection is the tomb, which remains intact in Jerusalem today.

## The empty tomb

The empty tomb is the unshakeable witness of the Resurrection of Christ. The two men mentioned in the Gospels, Joseph and Nicodemus, rushed to remove the Body from the Cross, after getting permission from Pilate, and prepared It for burial. Then they sealed the entrance of the tomb with a large stone already prepared for this purpose. Their rush to bury the Body was because it was late Friday afternoon, with only a few hours remaining before the beginning of the Day of Preparation of the Passover of the Jewish people, with its period of rest from work lasting to the dawn of Sunday, according to the Jewish Law. The women of Galilee followed them and saw where they buried the Body of Christ. At dawn of Sunday the women returned to the tomb, taking with them spices they had prepared for anointing Christ's Body. On their way to the tomb they wondered how they would roll back the stone from the entrance, for it was very large. On arriving at the tomb, they were amazed to see the stone already had been rolled back. They entered the tomb and saw a young man sitting on the right side, dressed in a white robe. The young man asked them why they were seeking Jesus of Nazareth, for He had risen, and is not there.

The women left the tomb in terror and great joy, and ran to tell the disciples. However, the disciples did not believe them, and thought it was nonsense. But Peter

and another disciple arose and ran to the tomb. The other disciple had run ahead of Peter and stood outside the tomb. He saw the linen cloth, but did not enter. When Peter arrived, he entered the tomb and saw the linen cloth. He saw that the handkerchief which had been laid over His head and face was not lying with the cloth, but folded in a place by itself. The other disciple then entered the tomb behind Peter. At this point the disciples had not fully understood the Scriptural prophecy that Christ must rise from the dead. Therefore, they returned to their home, wondering to themselves what had come to pass.

## The appearances

Mary Magdalene returned to the tomb weeping and saw two angels where the Body of Christ had lain. They asked her why she was weeping, and she told them because someone had taken her Lord away. She turned to leave the tomb and heard someone else ask why she was weeping. She thought that it was the gardener, and asked if he knew where they had laid Him. It was Jesus Himself, and He called her by name: "Mary!" When she turned to see Him, Mary cried out, "Master!" Jesus told her not to touch Him, for He had not yet ascended to His Father. Mary Magdalene rushed to tell the disciples that she had seen the Lord, and repeated what He had told her.

That very day, Sunday evening, two of Christ's disciples were on the road to Emmaus, talking of these things on the way. Suddenly, there appeared beside them, Christ, the unrecognized, Who asked them what they were discussing. He told them that according to Moses and the Prophets Christ had to suffer these things before entering into His glory. The two disciples invited Christ to stay at their house in Emmaus. On arriving, they sat down to eat, and Christ took bread, blessed it, broke it and gave it to them as He had always done. Their eyes were opened and they recognized Him, and He then vanished from their side.

In astonishment, they described to each other, how their hearts had burned within them as Christ spoke to them. In great excitement they left immediately for Jerusalem, where they found the 11 Apostles (Thomas not being there) in an upper room, and told them that Christ had risen indeed, and related to them the details of Christ's appearance. Even then, the Apostles did not really believe that Christ had risen. While they were talking about these things late that same day, Christ appeared and stood in their midst, offering peace unto them. Christ asked the Apostles why they were disturbed and why they had doubts, showing them His hands and His side where the spear had pierced Him. He then asked them for something to eat, and they brought Him fish. He blessed them again and told them to receive the Holy Spirit.

The following Sunday, Thomas, who was not present the previous Sunday, and did not believe that Christ had risen was present with the other Apostles when Christ reappeared to them. He asked Thomas to put his finger in the wounds in His hands and on His side. Thomas immediately recognized Him and said, "My Lord and my God!" Christ said to him that he was blessed because he saw and believed, but more blessed are they who do not see, yet believe.

Christ appeared to the Apostles and other disciples on a number of occasions, including at the Sea of Galilee while some were fishing, but had not caught any fish. Christ, appearing for the third time, said to them to place their net back into the sea, and, on so doing, they caught many fish. Christ then directed the 11 Apostles to a mountain in Galilee, where he told them that all power and authority had been given to Him. He then commissioned them to go and make disciples of all nations, baptizing them in the name of the Holy Trinity.

After His last instruction to His Apostles, Christ led them to Bethany for His blessing. As He was blessing them, He departed from their midst as a cloud took Him out of their sight, ascending into Heaven. There then appeared to the astonished Apostles two men who asked them why they were standing there looking up to Heaven, and who assured them that this Jesus Who had been taken from them into Heaven would come again in the same manner. The Apostles returned to Jerusalem with great joy, blessing God continuously.

Following are references from the Gospels on the Resurrection of Christ which one should read for spiritual uplifting: Matthew 28:1-20; Mark 16:1-20; Luke 24:1-53; John 20:1-20; 21: 1-23; Acts 1:9-12.

## Conclusion

The Resurrection of Christ inaugurates the Messianic era, the new creation. The Apostles are able to go forth and proclaim in Christ "the resurrection of the dead, by being the first to rise from the dead; He is the beginning." In Christ the Resurrection, which belongs to the ages to come, has begun; He is now the resurrection of life. The link between the Resurrection of Christ and the future resurrection of those who believe in Him is strongly emphasized: "For if we have been united with him in a death like His, we shall certainly be united with Him in a resurrection like His . ... If the Spirit of him who raised Jesus from the dead dwells in you, he who raised Christ Jesus from the dead will give life to your mortal bodies also through the Spirit which dwells in you", Romans 6:5; 8:11.

## സമർപ്പണ പ്രാർത്ഥന

നിന്നെ രക്ഷിപ്പാൻ കഴിയാത്തവണ്ണം എന്റെ കൈ കുറുകിയിട്ടില്ല.

നിന്റെ പാപങ്ങൾ രക്താംബരംപോലെ ചുവന്നാലും ഞാനത് ഹിമം പോലെ വെൺമയാക്കി മാറ്റും.

നിന്റെ രോഗങ്ങളും ഭാരങ്ങളും ഞാൻ വഹിക്കാം. നിന്റെ കണ്ണുനീർ ഞാൻ തുടയ്ക്കാം...

സ്നേഹനിധിയായ ദൈവം നിന്നെ മാടിവിളിക്കുന്നു. കടന്നുവരൂ... പ്രാർത്ഥിക്കൂ... അനുഗ്രഹം പ്രാപിക്കൂ...

**ഏവർക്കും കർത്തൃനാമത്തിൽ സ്വാഗതം...**

**എല്ലാ മാസവും അവസാനത്തെ ചൊവ്വാഴ്ച്ചകളിൽ രാത്രി 7 മണി മുതൽ...**



ജോർജ്ജ് ബാബു

# മനുഷ്യാ നീ അമൂല്യനാണ്

ഒരുപാടു മനുഷ്യരെ ദിനംപ്രതി കാണുകയും അവരുമായി വിവിധങ്ങളായി ഇടപെടുകയും ചെയ്യുന്ന നാം ചിന്തിച്ചു നോക്കിയിട്ടുണ്ടോ മനുഷ്യൻ ആരാണെന്ന്.മനുഷ്യൻ ആരാണെന്ന് അറിയണമെങ്കിൽ മനുഷ്യനായ എനിക്ക് ദൈവത്തെ കുറിച്ചുള്ള അറിവുണ്ടായിരിക്കണം. സകലത്തിന്റെയും സ്രഷ്ടാവായ ദൈവം എന്റെ പിതാവാണ് എന്നുള്ള തിരിച്ചറിവാണ് എനിക്ക് ഉണ്ടായിരിക്കേണ്ടിയത്. ആ തിരിച്ചറിവാണ് എന്നെ അവനുമായി അടുപ്പിക്കുന്നതും. ഒന്നിപ്പിക്കുന്നതും ഭൗതികമായ മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും ബന്ധുമിത്രാദികളെയും അറിയുന്നവരാണല്ലോ നമ്മൾ . ഇത്തരത്തിൽ സ്നേഹത്തെനാം മിക്കപ്പോഴും ഇവരിലേക്ക് ഒതുക്കി നിർത്തുകയല്ലോ ചെയ്യുന്നത്.

ഈ കൊച്ചു ജീവിതത്തിൽ ഞാൻ കൊടുക്കുന്ന സ്നേഹത്തിനും അവരിൽ നിന്നും ഞാൻ സ്വീകരിക്കുന്ന സ്നേഹത്തിനും പരിമിതികൾ ഉണ്ട്. സ്നേഹത്തിന്റെ പൂർണ്ണത കണ്ടെത്തുവാൻ സാധിക്കാതെ വരുന്ന അവസ്ഥ കാരണം ഈലോകജീവിതത്തിൽ ഞാനെന്ന മനുഷ്യൻ കടന്നുവന്നതും കടന്നു പോകേണ്ടതുമായ സാഹചര്യങ്ങളിലൂടെയും അവസ്ഥകളിലൂടെയും കടന്നു പോകാൻ എന്നോടൊപ്പം യാത്രചെയ്യാൻ ആ ആഴങ്ങളിലൂടെ കടന്നു പോകാൻ അപരനു സാധിക്കുകയില്ല. അതുകൊണ്ടു തന്നെ ഭൗതീക മാതാപിതാക്കളും സഹോദരങ്ങളും ബന്ധുമിത്രാദികളും പരാജയപ്പെട്ടേക്കാം ഒരു മനുഷ്യൻ അപരനിലേക്കും മറ്റു ദൈവ സൃഷ്ടികളിലേക്കും സ്നേഹമൊഴുക്കാൻ വിളിക്കപ്പെട്ടവൻ തന്നെയാണ്. ഇവിടെയാണ് ദൈവത്തെയും ദൈവസ്നേഹത്തെയും നാം മനുഷ്യർ തിരിച്ചറിയേണ്ടതും യേശുവെന്ന സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തിനായി വാഞ്ചികേണ്ടതും. നമ്മിൽ നിന്നു സ്നേഹമൊഴുകണം. ദൈവവുമായി എത്രത്തോളം ആഴപ്പെട്ടിരിക്കുന്നു എന്റെ ജീവിതം എന്നതിനെ ആശ്രയിച്ചിരിക്കും അത് അല്ലാത്ത പക്ഷം നമ്മിലുള്ള സ്നേഹം ഒരു പരാജയമായി മാറിയേക്കാം. സ്നേഹത്തിന്റെ പൂർണ്ണത ക്രിസ്തുവാണ്.

> **പാപാവസ്ഥയിലാണ് ഒരു മനുഷ്യൻ ഈ ലോകജീവിതം അവസാനിപ്പിക്കുന്നതെങ്കിൽ ഒരു നിത്യനരകവും ഒരുക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവും നമുക്ക് ഉണ്ടായിരിക്കണം.**

ജീവിതത്തിന്റെ കയ്പു നിറഞ്ഞ നിമിഷങ്ങളിൽ എല്ലാവരാലും വെറുക്കപ്പെട്ടു എന്നു തോന്നിപ്പോകുന്ന കാലയളവിലും ദൈവസ്നേഹത്തെ തിരിച്ചറിയേണ്ടിയിരിക്കുന്നു മനുഷ്യൻ. നിരാശയുടെ കൊടുമുടിയിൽ നിൽക്കുമ്പോൾ ഒരുനിമിഷം കൊണ്ടു മരണത്തിന്റെ പടുകുഴിയിലേക്കു വഴുതിവീഴാൻ വെമ്പുമ്പോൾ യേശുവെന്ന തിരിച്ചറിവ് മനുഷ്യനിലുണ്ടായിരുന്നുവെങ്കിൽ. അതെ മനുഷ്യജീവന് ഒരുടമയുണ്ട്, അത് മനുഷ്യനല്ല, ദൈവമാണതിനുടമ. ഈ തിരിച്ചറിവ് നമ്മെ ഭരിക്കണം. സ്നേഹത്തെക്കുറിച്ചുള്ള നമ്മുടെ അറിവിന് പരിമിതികൾ ഉണ്ട്. അതുകൊണ്ടുതന്നെ ഒരുമനുഷ്യനെയും പ്രത്യേകമായി സ്നേഹിക്കാൻ ദൈവത്തിന് എങ്ങനെ സാധിക്കുന്നു എന്ന് നാം ചോദിക്കാം. മനുഷ്യവതാരമെടുത്ത യേശുവിനോടു ചോദിച്ചാൽ അവൻ പറയും പിതാവിന്റെ സ്നേഹമാണ് എന്നിലുള്ളതെന്നും പിതാവിന്റെ സ്നേഹവാത്സല്യത്തോടെയാണ് താൻ മനുഷ്യനെ സ്നേഹിക്കുന്നതെന്നും. മക്കളോടെന്ന സ്നേഹവാത്സല്യത്തോടെയാണ് ആ സ്വർഗ്ഗീയ പിതാവ് മനുഷ്യരെ സ്നേഹിക്കുന്നത്. യേശു നമ്മെ സ്നേഹിക്കുന്നു യേശു എപ്പോഴും നമ്മെ സ്നേഹിക്കുന്നു എന്ന തിരിച്ചറിവാണ് അടുത്തതായി നമുക്കുണ്ടായിരിക്കേണ്ടത്.


പാപിയായ എന്നെ യേശു സ്നേഹിക്കുന്നു. ഈ തിരിച്ചറിവോടെ സ്നേഹമായ യേശുവേ ഒരു നിമിഷമെങ്കിലും നിനക്ക് എന്നിൽ നിന്നും മാറി നിന്നുകൂടെ എന്നു

ചോദിച്ചാൽ യേശു ഒരു മറുപടി തരും, എൻെറ ആത്മാവാണ് നിന്നിൽ വസിക്കുന്നതെന്ന്. എൻെറ ആത്മാവ് വസിക്കുന്ന നിന്നിൽ നിന്നും ഞാൻ എങ്ങനെയാണ് മാറിനിൽക്കുക എന്ന്. എന്താണ് ഈ ആത്മാവിൻെറ പ്രത്യേകത? ഇവിടെയാണ് മനുഷ്യൻെറ മൂല്യം നാം തിരിച്ചറിയുക. താൻ നിത്യനാണെന്നും നിത്യനായ തൻെറ ആത്മാവാണ് മനുഷ്യനിലുള്ളതെന്നും തനിക്ക് മരണമില്ലെന്നും, തനിക്കു മരണമില്ലാത്തതിനാൽ തൻെറ ആത്മാവാണ് മനുഷ്യനിലുള്ളതെന്നും, തൻെറ ആത്മാവു നൽകപ്പെട്ട മനുഷ്യനും മരണമില്ലെന്നും അവിടുന്നു നമുക്ക് വെളിപ്പെടിത്തുന്നു. അതെ നിത്യനായ ദൈവം കുറച്ചു കാലത്തേക്ക് നിലനിൽക്കുന്നതും പിന്നീട് എന്നേക്കുമായി ഇല്ലാതായി തീരുന്നതുമായ ഒരു അവസ്ഥാവിശേഷമല്ല മനുഷ്യൻെറ ആത്മാവിന് നൽകിയിരിക്കുന്നത്. ആത്മാവിൻെറ ഉടയവനായ ദൈവം വ്യക്തിപരമായി മനുഷ്യനെ സ്നേഹിക്കുന്നവനാണ്. അതുകൊണ്ടുതന്നെ ഓരോ മനുഷ്യനും അവൻെറ മുൻപാകെ അമൂല്യനും മാന്യനുമാണ്. മനുഷ്യാത്മാവ് നിത്യതയിൽ മനുഷ്യനായിരിക്കുവാനും അവൻ തന്നോടൊപ്പം സന്തോഷിക്കുവാനും ദൈവം ആഗ്രഹിക്കുന്നു. വ്യർത്ഥമായ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും കടന്നുപോകുമ്പോൾ മനുഷ്യൻ അറിഞ്ഞിരിക്കണം തനിക്കു നൽകപ്പെട്ടിരിക്കുന്ന ഈലോക ജീവിതത്തിലെ ഓരോ നിമിഷവുമാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് എന്ന്. അതായത് ജഡീകമായ ഒരു മരണം നമുക്കുണ്ട് അതിനോട് നാം അടുത്തുകൊണ്ടിരിക്കുന്നു.


പാപാവസ്ഥയിലാണ് ഒരു മനുഷ്യൻ ഈ ലോകജീവിതം അവസാനിപ്പിക്കുന്നതെങ്കിൽ ഒരു നിത്യനരകവും ഒരുക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവും നമുക്ക് ഉണ്ടായിരിക്കണം. ഒരു നിത്യ സ്വർഗ്ഗവും നിത്യ നരകവും ഉണ്ട്. യേശു നമ്മെ സ്നേഹിച്ചിരിക്കുകയാൽ നാം ദൈവത്തെ സ്തുതിക്കുക. നരകത്തിൻെറ ഭീകരത കാണിച്ചുകൊണ്ടല്ല യേശു നമ്മെ തൻെറ നന്മയിലേക്ക് വിളിക്കുന്നത്. മറിച്ച് തൻെറ നിത്യമായ സ്നേഹം വെളുപ്പെടുത്തിയാണ് അവിടുന്നു നമ്മെ വിളിക്കുന്നത്. കാൽവറിയിൽ യാഗമായവൻ സ്നേഹമൂറുന്ന മിഴികളുമായി നമ്മെ നോക്കുന്നു. മോനേ, മോളേ നീ എനിക്ക് മാന്യനും വിലയേറിയവനുമാണ് ആ പിതാവിനെ നമുക്ക് സ്നേഹിക്കാം; നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം. യേശുവേ കടന്നുവരണമേ, നിൻെറ സ്നേഹം എൻെറ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ... ആമ്മേൻ.

---

# അഭിനന്ദനങ്ങൾ...



മലങ്കര സഭാ മാനേജിംഗ്
കമ്മിറ്റിയിലേക്ക്
നോമിനേറ്റ് ചെയ്യപ്പെട്ട
**ശ്രീ. മോഹൻ ഫിലിപ്പിന്**
പ്രസ്ഥാനത്തിന്റെ
എല്ലാവിധമായ അഭിനന്ദനങ്ങളും



ബോംബെ ഭദ്രാസന
കൗൺസിലിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
**ശ്രീ. ജോസ് വർഗ്ഗീസിന്**
പ്രസ്ഥാനത്തിന്റെ
എല്ലാവിധമായ അഭിനന്ദനങ്ങളും

# ബൈബിൾ ക്വിസ്സ്

1. ജീവനുള്ള കബറിൽ ജീവനോട് വസിച്ച വ്യക്തി?
2. ആരുടെ ശവശരീരത്തിനാണ് ഒരു സിംഹവും കഴുതയും കാവൽ നിന്നത്?
3. ബൈബിളിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ പർവ്വതം ഏത്?
4. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ തൊഴിൽ ഉടമ്പടി ആരൊക്കെ തമ്മിലായിരുന്നു?
5. ദാവീദിൻെറ പേരോടുകൂടി ആരംഭിക്കുന്ന ബൈബിളിലെ പുസ്തകങ്ങൾ ഏവ?
6. പൗലോസിൻെറ പേരിൽ അറിയപ്പെടുന്ന ലേഖനങ്ങൾ എത്ര?
7. ദൈവത്തിൻെറ വിരൽ കൊണ്ട് എഴുതിയ രണ്ട് കാര്യങ്ങൾ ഏവ?
8. ഭൂമിയിലെ സകല ജീവികളെയും അറുത്തു തിന്നുക എന്ന് ദൈവം അരുളി ചെയ്ത വ്യക്തി ആര്?
9. അസ്ഥികൾ നിറഞ്ഞ താഴ്‌വര ദർശനം കണ്ട പ്രവാചകൻ ആര്?
10. പുതിയ നിയമത്തിൽ ഒരു സ്ത്രീയുടെ ഹൃദയം ദൈവം തുറന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആരുടെ?
11. "യുവാക്കൾ സഭാസേവനത്തിന് കച്ചകെട്ടിയിറങ്ങണം" എന്ന് കാലം ചെയ്യുന്നതിനു തൊട്ട് മുമ്പ് പങ്കെടുത്ത പൊതുയോഗത്തിൽ ആഹ്വാനം ചെയ്ത മെത്രാപ്പോലീത്താ ആര്?
12. "മലങ്കര സഭാപിതാക്കന്മാർ" എന്ന ഗ്രന്ഥത്തിൻെറ കർത്താവ് ആര്?
13. ധൂപപ്രാർത്ഥനയിൽ പേരെടുത്തു പറയുന്ന രാജ്ഞി ആര്?
14. ഭാരതത്തിൽ സിക്സ് സിഗ്മ സർട്ടിഫിക്കേഷൻ നേടിയെടുത്ത സംഘടന ഏത്?
15. കേരളാ ഹൈക്കോടതിയുടെ പരിധിയിൽ വരുന്നതും കേരളത്തിൽ ഉൾപ്പെടാത്തതുമായ സ്ഥലം ഏത്?

1) ഏറ്റവും കൂടുതൽ ശരി ഉത്തരം അയയ്ക്കുന്നവരിൽ നിന്നു സമ്മാനാർഹരെ കണ്ടെത്തുന്നതായിരിക്കും.
2) ഒന്നിൽ കൂടുതൽ പേർ ശരി ഉത്തരം അയച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ തീരുമാനിക്കുന്നതായിരിക്കും.
3) യുവജനപ്രസ്ഥാനത്തിൻെറ ഭാരവാഹികൾക്കും, കുടുംബാംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
4) എഡിറ്റോറിയൽ ബോർഡിൻെറ തീരുമാനം അന്തിമമായിരിക്കും.
5) ഉത്തരത്തോടൊപ്പം അയയ്ക്കുന്ന ആളിൻെറ പേരും, മേൽ വിലാസവും, ടെലഫോൺ നമ്പറും ഉൾപ്പെടുത്തേണ്ടതാണ്
6) നിങ്ങളുടെ ഉത്തരങ്ങൾ ഏപ്രിൽ 30 നു മുൻപായി "ചീഫ് എഡിറ്റർ, യൂത്ത് വോയ്സ്, പി. ബി. നമ്പർ 834, മനാമ എന്ന വിലാസത്തിൽ അയയ്ക്കുകയോ, പള്ളി ഓഫീസിൽ എത്തിക്കുകയോ ചെയ്യുവാൻ താൽപര്യപ്പെടുന്നു.

കഴിഞ്ഞ ലക്കത്തിലെ വിജയി - ശ്രീമതി. എസ്സി ഷൈജു.


ഏവരുടെയും
സഹായ സഹകരണങ്ങൾ
പ്രതീക്ഷിച്ചുകൊള്ളുന്നു...
Gift of Heart....with love from the hear
കരുണ
ഏകാം
ഈ
കുരുന്നു
കൾക്ക്...
Koinonia
Gift of Life ♡ from the heart
2012
FOR MORE DETAILS : 39856186, 39206064

നിന്റെ മഹത്വം ഉദിക്കും നാൾ നിൽക്കണമവർ വലഭാഗത്തിൽ...

പാവന സ്മരണയ്ക്ക്



T. M. SAMUEL



**Jose T. Samuel**
**Sabu T. Samuel**
**Saji T. Samuel**

## ആദരാഞ്ജലികൾ...



Mathew T. Iype
(Bency)




T. D Pappachan
(F/o Binu Pappachan)



Nisha Binu
(W/o Binu David)

Varghese Cherian
(F/o Jinsu Aju T. Koshy)



Mathew George
(Former Vice President)










M.C. Mathew, Saly Mathew, Bibin Mathew, Swetha Bibin & Bijin Mathew



Mr. John Raju, Shiney John
Emi Elsa Ivan & Femi Anna Ivan



Mr. Anil Chacko, Bincy Anil
& Irene Anna Anil



Robby Punnen, Manjusha Robby
Jeena Anna Robby, Gemma Susan Robby